**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 57** **28-06-2022 - ൽ മറുപടിയ്ക്ക്**

**ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം സംരംഭം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നാലു ലക്ഷത്തോളം പേർക്ക് തൊഴിൽ നൽകാവുന്ന തരത്തിൽ ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 2022-2023 സംരംഭക വർഷമായി ആചരിക്കുന്നതിനു സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഒരു ലക്ഷം പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള കർമ്മ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചു വരുന്നത്. വിവിധ വകുപ്പുകൾ/ ഏജൻസികളുടെ സംയോജനത്തോടെ 2022-23 സാമ്പത്തിക വർഷം “1 ലക്ഷം സംരംഭങ്ങൾ" ആരംഭിക്കുക എന്ന പദ്ധതി വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ പ്രവർത്തനങ്ങൾ തദ്ദേശ സ്ഥാപനതലത്തിൽ നടപ്പിലാക്കുന്നതിന് 1153 ഇന്റേൺസിനെ നിയമിച്ചിട്ടുണ്ട്. ഇന്റേണുകൾ മുഖാന്തിരം സംരംഭം തുടങ്ങാനുദ്ദേശിക്കുന്നവരുടെ വിവരശേഖരണം നടത്തി അവർക്ക് സംരംഭം ആരംഭിക്കാൻ ആവശ്യമായ സഹായങ്ങൾ നൽകി വരുന്നു. 30/3/2022 -നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംരംഭക വർഷത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. 30/03/2022 -ലെ സ.ഉ.(സാധാ)നം.289/2022/ID പ്രകാരം സംരംഭക വർഷത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന, ജില്ലാ, തദ്ദേശസ്ഥാപന തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | നിക്ഷേപകരെ കണ്ടെത്താനും അവർക്കുവേണ്ട സഹായങ്ങൾ ലഭ്യമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; ഇതിനായി വ്യക്തമായ കർമ്മ പദ്ധതിയും മികച്ച നിർവ്വഹണ സംവിധാനവും ഒരുക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | നിക്ഷേപകരെ കണ്ടെത്താനും അവർക്കുവേണ്ട സഹായങ്ങൾ ലഭ്യമാക്കുന്നതിനും തദ്ദേശ സ്ഥാപനതലത്തിൽ 1153 ഇന്റേൺസിനെ നിയമിച്ചിട്ടുണ്ട്. ഒരു ലക്ഷം സംരംഭങ്ങൾ സംബന്ധിച്ച പ്രവർത്തനങ്ങൾ ഈ ഇന്റേണുകൾ വഴിയാകും നടപ്പിലാക്കുന്നത്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ഭാഗമായി കുറഞ്ഞ പലിശക്ക് വായ്പ ലഭ്യമാക്കാനും താല്പര്യമുള്ള തദ്ദേശസ്വയംഭരണ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളിൽ, ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപ്പന്നം (One Local body One Product-OLOP) എന്ന ആശയം നടപ്പിലാക്കാനും സംരംഭകർക്ക് വേണ്ട മാർക്കറ്റിങ് സഹായം ലഭ്യമാക്കാനും അടക്കമുള്ള വിവിധ പ്രവർത്തനങ്ങൾ വ്യവസായ വകുപ്പ് നടത്തുവാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി  നിയമിക്കുന്ന ഇന്റേൺ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുന്നത്. സംരംഭകരുടെ വിവരശേഖരണം, സംരംഭകർക്കാവശ്യമായ ഓൺലൈൻ സേവനങ്ങളായ ലൈസൻസ്, സബ്സിഡി, ലോൺ മുതലായവയ്ക്കുള്ള അപേക്ഷകൾ തയ്യാറാക്കി നൽകൽ, സംരംഭകർക്കുള്ള മറ്റു കൈത്താങ്ങ് സഹായങ്ങൾ എന്നിവ ഇന്റേൺ വഴിയാണ് നൽകുന്നത്. |
| (സി) | താല്പര്യമുള്ള സംരംഭങ്ങൾക്ക് കാലവിളംബം ഇല്ലാതെ അനുമതി ലഭിക്കാനും വ്യവസായം ആരംഭിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും ആവശ്യമായ സേവനങ്ങൾ കൃത്യമായി ലഭിക്കുന്നതിനും ആയത് സംബന്ധിച്ച് പരാതി ഉയരുകയാണെങ്കിൽ അത് പരിഹരിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | സംരംഭകർക്ക് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി ജില്ലാ സംസ്ഥാന തലങ്ങളിൽ പരാതി പരിഹാര കമ്മിറ്റികൾ നിലവിൽ വന്നിട്ടുണ്ട്. സിവിൽ കോടതിയുടെ അധികാരങ്ങൾ നൽകിയിട്ടുള്ള ഈ കമ്മിറ്റികൾ ഓരോ മാസവും യോഗം കൂടി സംരംഭകരുടെ പരാതികൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ